റിപ്പോർട്ട്

# വാർഷികപ്പതിപ്പ് പ്രകാശനം ചെയ്തു




*പ്രബോധനം അറുപതാം വാർഷികപ്പതിപ്പ് യു.കെ കുമാരന് നൽകി ഡോ. എം.എം ബഷീർ പ്രകാശനം ചെയ്യുന്നു*

*പ്രബോധനം* വാരികയുടെ അറുപതാം വാർഷികപ്പതിപ്പ് നവംബർ 20 –ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രമുഖ എഴുത്തുകാരൻ ഡോ. എം.എം ബഷീർ പ്രകാശനം ചെയ്തു. കഥാകൃത്ത് യു.കെ കുമാരൻ ഏറ്റുവാങ്ങി.

സമീപകാലത്ത് മലയാളത്തിൽ പുറത്തിറങ്ങിയ വിശേഷാൽപതിപ്പുകളിൽ ഏറ്റവും ശ്രദ്ധേയമായതാണ് *പ്രബോധന*ത്തിന്റെ അറുപതാം വാർഷികപ്പതിപ്പെന്ന് ഡോ. എം.എം ബഷീർ പറഞ്ഞു. "*പ്രബോധനം* ഇതുവരെ പുറത്തിറക്കിയ വിശേഷാൽപ്രതികൾ പലതും ഞാൻ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു വിഷയത്തെ കേന്ദ്രീകരിച്ച് സമഗ്ര പഠനങ്ങൾ ഉൾക്കൊള്ളുന്ന, സൂക്ഷിച്ച് വെക്കാനും ഇടക്കിടെ എടുത്ത് വായിക്കാനും പറ്റുന്ന സമഗ്ര പഠനങ്ങളാണ് *പ്രബോധന*ത്തിന്റെ വിശേഷാൽ പതിപ്പുകൾ.

കേരളത്തിൽ പുറത്തിറങ്ങുന്ന മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് ഒരു പൊതുസ്വഭാവംകൈവരേണ്ടതുണ്ട്. സ്വന്തം തട്ടകങ്ങളിൽ നിന്നുകൊണ്ടു തന്നെ മനുഷ്യ സമൂഹത്തെ ഒന്നാകെ നോക്കിക്കാണാനും, വിശാലമായ ആശയലോകത്തിൽ ഭാഗഭാക്കാകാനും മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് പലപ്പോഴും കഴിയുന്നില്ല. എന്നാൽ, *പ്രബോധനം* അതിൽനിന്ന് വ്യത്യ

സ്തമായ നിലപാട് പലപ്പോഴും സ്വീകരിച്ചുകാണുന്നുണ്ട്. വിശാലമായ അടിത്തറയിൽനിന്നുകൊണ്ട്, ഇസ്‌ലാമിനെ സമൂഹവുമായി ബന്ധപ്പെടുത്തി ചിന്തിക്കാനും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുമുള്ള ഒരു മുൻ നോട്ടം നമ്മുടെ പ്രസിദ്ധീകരണങ്ങൾ സ്വായത്തമാക്കേണ്ടതുണ്ട്. കേരളത്തിലെ പല ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളും ഞാൻ ഇടക്ക് മറിച്ചു നോക്കാറുണ്ട്. പക്ഷേ വായിച്ച് മനസ്സിലാക്കാൻ പ്രയാസമുള്ള മലയാളത്തിൽ പലതും പറയുകയാണവ. ഇംഗ്ലീഷിൽ വായിച്ചാൽ മനസ്സിലാകുന്ന കാര്യങ്ങൾ പോലും മലയാളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നില്ല. ചില സ്ത്രീ പ്രസിദ്ധീകരണങ്ങളുണ്ട്. വളരെ ലാഘവത്തോടെയുള്ള വിഷയങ്ങളാണവയിൽ അച്ചടിച്ചു വരുന്നത്. സ്ത്രീകളുടെ മൗലികമായ പ്രശ്നങ്ങളെക്കുറിച്ചോ അവരുടെ സാമൂഹിക, സാംസ്കാരിക അവസ്ഥകളെക്കുറിച്ചോ വേദനകളെക്കുറിച്ചോ അല്ല ഇത്തരം പ്രസിദ്ധീകരണങ്ങളിൽ വായിക്കാൻ കഴിയുന്നത്. പല മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്കും നിലവാരമില്ല. മുസ്‌ലിം പ്രശ്നങ്ങളെയും മറ്റു പൊതു പ്രശ്നങ്ങളെയും സമകാലിക ചിന്തയോടെ നമുക്ക് പകർന്നുതരാൻ ഈ പ്രസിദ്ധീകരണങ്ങൾക്ക് സാധിക്കുന്നില്ല. ഇതിൽ ക്രിയാത്മകമായ മാറ്റങ്ങൾ വരേണ്ടതുണ്ട്" അദ്ദേഹം പറഞ്ഞു.

വിഷയങ്ങൾ സൂക്ഷ്മതയോടെ അവതരിപ്പിക്കുന്ന, തീക്ഷ്ണമായ നിരീക്ഷണങ്ങളുള്ള പ്രസിദ്ധീകരണമാണ് *പ്രബോധന*മെന്ന് യു.കെ കുമാരൻ പറഞ്ഞു. "ഭാഷയുടെ സങ്കീർണതകളില്ലാതെ, മനോഹരമായ മലയാള ഭാഷയിൽ കാര്യങ്ങൾ പറയുന്നുവെന്നതും *പ്രബോധന*ത്തിന്റെ പ്രത്യേകതയാണ്. *പ്രബോധനം* പുറത്തിറങ്ങിയ കാലത്ത് 'പ്രതിപക്ഷ' പത്രം എന്നാണ് പ്രയോഗിച്ചിരുന്നത്. ഇത് കൃത്യമായ ഒരു നിലപാട് പ്രഖ്യാപനം കൂടിയാണ്. അധികാരങ്ങൾക്ക് പിറകെ പോകാതെ അതിനെതിരു നിൽക്കാനും തിരുത്താനുമുള്ള 'പ്രതിപക്ഷമാവുക'യെന്നത് നമ്മുടെ കാലത്ത് വളരെ പ്രധാനമാണ്" – അദ്ദേഹം പറഞ്ഞു.

പൊതുസമൂഹത്തെ അഡ്രസ് ചെയ്യുന്ന ശൈലി മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് ഒട്ടുമില്ലാതിരുന്ന കാലത്താണ് *പ്രബോധനം* പിറന്നു വീണതെന്ന് *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. ആ മാർഗത്തിൽ ഒട്ടേറെ മുന്നോട്ടു പോകാൻ *പ്രബോധന*ത്തിനായിട്ടുണ്ട്. എന്നാൽ നമ്മുടെ പ്രസിദ്ധീകരണങ്ങൾ അമുസ്‌ലിം വായനക്കാർക്ക് എത്രത്തോളം മനസ്സിലാകുമെന്നും ഉൾക്കൊള്ളാൻ കഴിയുമെന്നും ചിന്തിക്കേണ്ടതുണ്ട്. വലിയൊരു പ്രശ്നമാണിത്. *പ്രബോധന*ത്തിനും ആ പരിമിതികളുണ്ട്. മലബാറിലെ മുസ്‌ലിം സമൂഹവും ദക്ഷിണ കേരളത്തിലെ മുസ്‌ലിം സമൂഹവും വളരെ വ്യത്യസ്തമാണ്. ഇരു വിഭാഗത്തിന്റെയും അഭിരുചികളും വ്യത്യസ്തമാണ്. സ്ത്രീകളും പുരുഷന്മാരും ഉയർന്ന വിദ്യാ സമ്പന്നരും സാധാരണക്കാരും *പ്രബോധനം* വായനക്കാരിലുണ്ട്. ഇവരെ ഒരേ പോലെ തൃപ്തിപ്പെടുത്തുക അതിസാഹസമാണ്. അറുപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഉള്ളടക്കത്തിൽ സാരമായ മാറ്റങ്ങൾ വരേണ്ടതുണ്ട്. എങ്കിലേ *പ്രബോധന*ത്തിന് പരിമിതികളെ മറികടക്കാൻ കഴിയൂ. അദ്ദേഹം പറഞ്ഞു.

ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, *ചന്ദ്രിക* പീരിയോഡിക്കൽസ് എഡിറ്റർ നവാസ് പൂനൂർ, *മാധ്യമം* എക്സിക്യൂട്ടീവ് എഡിറ്റർ വി.എം. ഇബ്റാഹീം, *വിചിന്തനം* എഡിറ്റർ ഇ.കെ.എം പന്നൂർ, *ആരാമം* സബ് എഡിറ്റർ ഫൗസിയ ഷംസ്, ജ.ഇ. കോഴിക്കോട് ജില്ലാ പ്രസിഡന്റ് പി.സി ബഷീർ തുടങ്ങിയവർ ആശംസകളർപ്പിച്ചു. *പ്രബോധനം* എഡിറ്റർ ടി.കെ ഉബൈദ് അധ്യക്ഷത വഹിച്ചു. മാഗസിൻ എഡിറ്റർ സദ്റുദ്ദീൻ വാഴക്കാട് സമർപ്പണം നടത്തി. എക്സിക്യൂട്ടീവ് എഡിറ്റർ അശ്റഫ് കീഴുപറമ്പ് സ്വാഗതവും *പ്രബോധനം* മാനേജർ കെ. ഹുസൈൻ നന്ദിയും പറഞ്ഞു. ഷാനവാസ് കൊടുവള്ളി ഖിറാഅത്ത് നടത്തി. ■